പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 1088

12-07-2016 ൽ മറുപടിക്ക്

## ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ മണ്ണ് സംരക്ഷണ പദ്ധതികൾ

ചോദ്യം

ശ്രീ.ജി.എസ്.ജയലാൽ

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) കൊല്ലം ജില്ലയിൽ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട് നിലവിൽ പ്രാവർത്തികമാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (എ) | മണ്ണ് സംരക്ഷണ - പര്യവേക്ഷണ വകുപ്പ് മുഖേന കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ മണ്ണയം, മരുതമൺപള്ളി എന്നീ രണ്ട് നീർത്തട പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇതിൽ മണ്ണയം നീർത്തട പദ്ധതിയിൽ 51.27 ലക്ഷം രൂപയുടെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി മാർച്ച് 2016 ൽ പൂർത്തീകരിച്ചിട്ടുണ്ട്. RIDF XXI -ാം ഘട്ടത്തിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച 112 കോടി രൂപ അടങ്കൽ തുകയുള്ള മരുതമൺ പള്ളി പദ്ധതിയിൽ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. |
| ബി) പുതുതായി ഏതെങ്കിലും പദ്ധതികൾ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ; | (ബി) | മരക്കുളം വാട്ടർഷെഡ്, വെളിയം വാട്ടർഷെഡ്, പാമ്പുറം വാട്ടർഷെഡ് എന്നീ മൂന്ന് പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ പാമ്പുറം പദ്ധതി RIDF XXII-ാം ഘട്ടത്തിൽ പരിഗണിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| സി) മണ്ഡലത്തിൽ പ്രാവർത്തികമാക്കാൻ കഴിയുന്ന പദ്ധതികൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ